# അക്കാദമിക് മാസ്റ്റർ പ്ലാൻ

ഗവ: എൽ. പി. എസ്സ്
ഇളംഗമംഗലം.

# ഉള്ളടക്കം


1. പ്രാഥമിക വിവരങ്ങൾ
2. ആമുഖം
3. കാഴ്ചപ്പാട്
4. ചരിത്രം
5. വിദ്യാലയ പ്രവർത്തനങ്ങൾ
6. വിദ്യാലയത്തിന്റെ പരിമിതികൾ
7. പൊതു ലക്ഷ്യങ്ങൾ
8. അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ
9. മലയാളം
10. ഇംഗ്ലീഷ് ക്ലബ്
11. ഗണിതം മധുരം
12. ശാസ്ത്രം
13. പ്രവൃത്തി പരിചയം
14. കലാ വിദ്യാഭ്യാസം
15. കായിക പരിശീലനം
16. അക്കാദമികം
17. പ്രവർത്തന കലണ്ടർ 2025-26
18. ഉപസംഹാരം.

# ഗവ: എൽ. പി. എസ്സ്
## ഇളംഗമംഗലം.

## പ്രാഥമിക വിവരങ്ങൾ.

| | | |
|---|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | :- | |
| ജില്ല | :- | പത്തനംതിട്ട |
| വിദ്യാഭ്യാസ ഉപജില്ല | :- | അടൂർ |
| മേൽവിലാസം | :- | ഗവ: എൽ.പി.എസ്സ്<br>ഇളംഗമംഗലം<br>ഏനാത്ത്. പി.ഒ.<br>Pin. 691526. |
| സ്കൂൾ കോഡ് | :- | |
| ക്ലാസ്സ് | :- | 1 മുതൽ 4 വരെ |
| ബ്ലോക്ക് | :- | പറക്കോട് |
| പഞ്ചായത്ത് | :- | ഏഴംകുളം. |

# കാഴ്ചപ്പാട്.

അടിസ്ഥാന ശേഷി വികാസത്തിലൂടെ സ്വയം ഉത്പാദനതയിലേക്കും ജീവിത വിജയത്തിലേക്കും നയിക്കുന്ന ആരോഗ്യപൂർണ്ണമായ അന്തരീക്ഷത്തിലൂടെ മികച്ചവരായി ഉയരണം.

# ചരിത്രം

പത്തനംതിട്ട ജില്ലയിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ XI-ാം വാർഡിൽ ഇളംഗമംഗലം പ്രദേശത്താണ് ഗവ: എൽ.പി.എസ് ഇളംഗമംഗലം എന്ന സ്കൂൾ സ്ഥിതിചെയ്യുന്നത്. ഈ വിദ്യാലയം 1980ലാണ് സ്ഥാപിതമാകുന്നത്. ഏതാണ്ട് 45 വർഷങ്ങൾക്ക് മുമ്പ് R.K.V.L.P.S C.V.M.T L.P.S എന്നീ പേരുകളിൽ രണ്ട് സ്കൂളുകൾ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. കാലാന്തരത്തിൽ ഇവ ഇല്ലാതാവുകയും രണ്ടു സ്കൂളുകളുടെയും സ്ഥലം വ്യക്തികൾക്ക് കൈമാറി. പകരം ഒരേക്കർ സ്ഥലം സ്കൂളിനായി കൈവാങ്ങി. കുറെ കാലം സ്കൂൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു. അതിനു ശേഷം സർക്കാർ ഏറ്റെടുക്കുകയും 1980ൽ ഇപ്പോൾ കാണുന്ന കെട്ടിടം പണിതു. പ്രവർത്തനം ആരംഭിച്ചു.

അഞ്ചാം ക്ലാസ്സിൽ 58 വിദ്യാർത്ഥികളുമായി വിദ്യാരംഭം കുറിച്ച ഈ സ്കൂൾ സ്നേഹനിധികളായ നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും , മാനേജ്മെന്റിന്റെയും അർപ്പണബോധമുള്ള അധ്യാപകരുടെയും കൂട്ടായ അക്ഷീണ പ്രയത്നത്തിലൂടെ മികച്ച ഒരു വിദ്യാലയം ആയിത്തന്നെ വളർന്നു കഴിഞ്ഞ വർഷങ്ങളിൽ നിന്ന്, പഞ്ചായത്ത്, പി.ടി.എ. എസ്.എസ്.ജി മാനേജ്മെന്റ് എന്നിവയുടെ ഉത്തമമായ ഇടപെടലുകൾ വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട്.

# വിദ്യാലയ പ്രവർത്തനങ്ങൾ.

കുട്ടികളുടെ സമഗ്രമായ വികാസത്തിന് ഉതകുന്ന തരത്തിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠന സന്ദർഭങ്ങളായിത്തന്നെ പരിഗണിക്കപ്പെടുന്നു. കമ്പ്യൂട്ടർ പഠനം, ശുചിത്വസേന, മെച്ചപ്പെട്ട ഉച്ചഭക്ഷണം, പ്രവൃത്തി പരിചയ പരിശീലനം, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, കലാ കായിക പരിശീലനങ്ങൾ, പഠനയാത്രകൾ, വിദ്യാരംഗം കലാസാഹിത്യവേദി, ശാസ്ത്ര പഠന കളികൾ തുടങ്ങിയവ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

## പൊതുലക്ഷ്യങ്ങൾ

* പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മികച്ച പഠന നിലവാരം ഉറപ്പുനൽകുന്ന വിദ്യാഭ്യാസത്തിലൂടെ ഉറപ്പുവരുത്തുക
* കുട്ടികളുടെ കഴിവുകൾ കേവലം പഠനവിഷയത്തിലൊതുങ്ങാതെ സർഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുന്നു.
* സ്കൂളിലെ മുഴുവൻ കുട്ടികളും അതത് ക്ലാസിൽ ആർജ്ജിക്കേണ്ട നിർദ്ദിഷ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* പഠനസമയങ്ങൾ നഷ്ടമാകാത്തവിധം സാധ്യായ ദിവസങ്ങൾ ഉറപ്പുവരുത്തുക
* ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പുവരുത്തുക.

* പഠന കാര്യത്തിൽ രക്ഷിതാക്കൾക്കുള്ള സ്ഥാനവും ചുമതലകളും ബോധ്യപ്പെടുത്തുക.
* വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പ്രാദേശികമായ സാധ്യതകളെ കണ്ടെത്താനും വളർത്താനുമുള്ള അവസരങ്ങൾ ഒരുക്കുക
* മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വളർത്തിയെടുക്കുക.
* മുഴുവൻ കുട്ടികളും അടിസ്ഥാന ഗണിത ആശയങ്ങൾ സ്വായത്തമാക്കി എന്ന് ഉറപ്പുവരുത്തുക.
* കാർഷിക സംസ്കാരം പുതുതലമുറയെ വളർത്തിയെടുക്കുക.
* മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി ആച ചെയ്ത്തിയെടുക്കുക.
* മുഴുവൻ കുട്ടികളെയും വായനാശീലമുള്ളവരാക്കി മാറ്റുക
* ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസം മാതൃകാപരമായി നടപ്പിലാക്കുക.

## അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ.

### 1. എന്റെ മലയാളം

നമ്മുടെ മാതൃഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ അടുത്തറിയാനും അഭിമാനത്തോടെ അവയെ സ്വീകരിക്കാനും കഴിയുന്ന വിധത്തിൽ ഭാഷാപഠനത്തെ സർഗാത്മകമാക്കാനുള്ള

പ്രവർത്തന പദ്ധതിയാണ് താഴെ കൊടുത്തത്. പ്രവർത്തന ലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും ഊന്നൽ നൽകിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

1. മലയാള ഭാഷയിൽ കേവലം ഭാഷണം, വായന, ലേഖനം എന്നീ അടിസ്ഥാന ഭാഷാശേഷികൾ കൂടുതൽ കുട്ടികൾക്കും ലഭ്യമാക്കുക.

2. സ്വന്തം ഭാഷയേയും സാഹിത്യത്തെയും സംസ്കാരത്തെയും സ്നേഹിക്കുന്ന കുട്ടികളായി വളർത്തുക.

3. ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠന സന്ദർഭങ്ങളാക്കി മാറ്റാനായി അനുസ്മരണ പ്രഭാഷണം പതിപ്പ് നിർമ്മാണം, വിവരശേഖരണം തുടങ്ങിയവ കുട്ടികളുടെ നേതൃത്വത്തിൽ തന്നെ നടത്താൻ അവസരമൊരുക്കുക.

## പ്രവർത്തനങ്ങൾ

1. വായനാവസന്തം
2. ശില്പ - ചിത്ര ശാല
3. നാടക പഠനം
4. കുട്ടിടാക്കീസ്.

# ഇംഗ്ലീഷ് ക്ലബ്

ഇംഗ്ലീഷിന്റെ പ്രാധാന്യത്തിൽ ഊന്നിക്കൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ മികവിനെ ഇന്ന് പൊതുസമൂഹം കാണുന്നത്. ലോകഭാഷയായ ഇംഗ്ലീഷ് എല്ലാവർക്കും നന്നായി ഉപയോഗിക്കാവുന്ന സ്ഥിതി പൊതു വിദ്യാലയങ്ങളിൽക്കൂടി ഉണ്ടാക്കാവുന്ന തരത്തിൽ ഇംഗ്ലീഷ് പഠനം ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതുവഴി മാതൃഭാഷയെ പോലെതന്നെ ഇംഗ്ലീഷും അനായാസം ആശയ വിനിമയം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് താഴെ പറയുന്നത്.

## പ്രവർത്തനങ്ങൾ

കുട്ടികളുടെ ഇംഗ്ലീഷ് പഠനമികവ് വളർത്തുന്ന വിവിധ പ്രവർത്തനങ്ങൾ.

1. A word a day :- പ്രതിദിനം ഓരോ പുതിയ വാക്കുകൾ പഠിപ്പിക്കുക
2. English assembly :- അസംബ്ലിയിൽ English News Poem riddle, Proverb, Simple Speech, Diary reading എന്നിവ ഉൾപ്പെടുത്തുക.
3. English story telling:

## English Fest

കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഒരു അധ്യയന ദിവസം താഴെ പറയുന്ന activities നടത്തുക.

Spelling game
Skits
Magazine making
News Paper making
Reporting
Story & poems writing.

3. ഗണിത ശാസ്ത്രം

കുട്ടികൾക്ക് ഏറെ പ്രയാസമുള്ള വിഷയമായി സാധാരണ ഉപയോഗപ്പെടുന്ന വിഷയമാണ് ഗണിതം. എന്നാൽ പഠനത്തിൽ, പാഠപുസ്തകം എന്നിവയിലൂടെയായിട്ടുള്ള മാർഗ്ഗത്തിലൂടെ ഗണിതഭയം കുറയ്ക്കുവാനും കുട്ടികളിൽ താല്പര്യം വളർത്താനും പുതിയ പാഠ്യപദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

പ്രവർത്തനങ്ങൾ

1. ഗണിതലാബ് :- ചാർട്ടുകൾ, ഉപകരണങ്ങൾ, അളവു പാത്രങ്ങൾ
2. ഗണിതം മധുരം :- സന്ദർഭങ്ങൾ ഉണ്ടാക്കി പഠിപ്പിക്കുക.
3. ജീവിതം ഗണിതം :- ബാങ്കിലെ ഗണിതം
കച്ചവടത്തിലെ ഗണിതം
അടുക്കളയിലെ ഗണിതം
കെട്ടിട നിർമ്മാണ ഗണിതം.

## പ്രവൃത്തി പരിചയം

നിത്യജീവിതത്തിൽ കുട്ടിക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാന നിത്യോപയോഗ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതും കുട്ടികളുടെ സമഗ്രവികാസനത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തി പരിചയ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനമേഖലകൾ.

### ലക്ഷ്യങ്ങൾ

പ്രവൃത്തി പഠനത്തിലൂടെ മാനവശേഷിവികാസം അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും കുട്ടികളിൽ വളർത്തി അതുവഴി മാനസികോല്ലാസവും വളർത്തിയെടുക്കുക.

### പ്രവർത്തനങ്ങൾ

1 ഭക്ഷണസാധനങ്ങൾ നിർമ്മിക്കൽ
2 ദിനാചരണങ്ങൾ ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
3. മറ്റ് പ്രവർത്തനങ്ങൾ.

ആശംസാകാർഡ്, നക്ഷത്രങ്ങൾ, പൂക്കൾ, മാലകൾ, ആഭരണങ്ങൾ, ഫ്രൂട്ട് സാലഡ്, അച്ചാർ, ഉപ്പിലിട്ടത്, ജാം, പാനീയങ്ങൾ, ഫാബ്രിക് പെയിന്റിംഗ്, ചിത്രത്തുന്നൽ, മാറ്റ് നിർമ്മാണം, പേപ്പർബാഗ് നിർമ്മാണം.

# കലാവിദ്യാഭ്യാസം

ഉല്ലാസത്തോടൊപ്പം കുട്ടികളിൽ കലാബോ-
ധവും വളർത്തുക. സർഗാത്മകമായി ചിന്തിക്കുകയും
പ്രവർത്തിക്കുകയും ചെയ്യാൻ അവരെ പ്രാപ്തരാക്കാൻ
കലാവിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്ക് കഴിയും. സംഗീത
ചിത്രകല, നൃത്തം തുടങ്ങിയ സാധ്യതകളിലേക്ക്
കുട്ടികളെ നയിക്കാൻ ഇതിന് കഴിയും.

## പ്രവർത്തനങ്ങൾ

1 സ്കൂൾ ഗായകസംഘം രൂപീകരിക്കൽ.
2. പ്രാർത്ഥന, ദേശീയഗാനം ചൊല്ലൽ
3. വിശേഷ ദിവസങ്ങളിൽ പാട്ട് അവതരിപ്പിക്കൽ
4. പാഠപുസ്തകത്തിലെ കവിതകൾ ഈണം നൽകി അവതരിപ്പിക്കൽ.

# ഉപസംഹാരം

ഈ മംഗലം ഗവ: എൽ. പി സ്കൂളിന്റെ അക്കാദമിക മികവ് വരും വർഷങ്ങളിൽ ഉത്കൃഷ്ടം സമയബന്ധിതമായി വർധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചേർത്തിട്ടുള്ളത്. പ്രസ്തുത പ്രവർത്തനങ്ങൾ PTA, SMC, അധ്യാപകർ, പൊതുസമൂഹം എന്നിവരുടെയെല്ലാം സഹകരണത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.